# Malayala Manorma
# 24 August 2018
# Fort Kochi; Policr pay Tribute to Fishermen



പ്രളയ മേഖലയിൽ രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികളെ ആദരിക്കാൻ ഫോർട്ട്കൊച്ചി ജനമൈത്രി പൊലീസ് സംഘടിപ്പിച്ച ചടങ്ങിൽ രക്ഷാദൗത്യത്തിൽ പങ്കെടുത്ത ജിബിൻ ആന്റണി അനുഭവം പങ്കിടുന്നു. സിഐ പി. രാജ്കുമാർ, റഹ്മത്തുള്ള ഖാൻ, തുളസി, കെ.ജെ. ആന്റണി, കെ.ജെ. മാക്സി എംഎൽഎ, ഷീബാലാൽ, ബെന്നി ഫെർണാണ്ടസ് തുടങ്ങിയവർ സമീപം.

## മൽസ്യത്തൊഴിലാളികൾക്ക് പൊലീസിന്റെ ആദരം

**ഫോർട്ട്കൊച്ചി** • ദുരന്തമുഖത്ത് സ്വന്തം ജീവൻ പോലും അവഗണിച്ച് രക്ഷാപ്രവർത്തനത്തിന് ഇറങ്ങി ഒട്ടേറെ പേരുടെ ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളികൾക്കു ഫോർട്ട്കൊച്ചി ജനമൈത്രി പൊലീസിന്റെ ആദരം.

പൊലീസ് സ്റ്റേഷൻ പരിധിയിൽ നിന്നു രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികളെയാണ് ആദരിച്ചത്. ആദരവ് ഏറ്റുവാങ്ങാനെത്തിയവർ പലരും തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു.

മൂവാറ്റുപുഴയിലെ കൂനമ്മാവിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനിടെയുണ്ടായ അനുഭവം ഓർമയിൽ തങ്ങി നിൽക്കുന്നതാണെന്നു മത്സ്യത്തൊഴിലാളി ജിബിൻ ആന്റണി പറഞ്ഞു. സന്ധ്യയോടെ രക്ഷാപ്രവർത്തനം നടത്തി മടങ്ങാനൊരുങ്ങവേയാണ് ആളനക്കമില്ലാത്ത വീട്ടിൽ കയറി നോക്കിയത്.

കട്ടിലിനു മുകളിൽ മേശയിട്ട് അതിനു മുകളിൽ കയറി നിൽക്കുന്ന ഭാര്യയും ഭർത്താവും ഒൻപതു വയസ്സുള്ള മകനും അവരുടെ അച്ഛനും അമ്മയും. അവരുടെ കഴുത്തറ്റം വരെ വെള്ളം.

മരണമുഖത്തു നിന്ന് അവരെ രക്ഷിക്കാൻ കഴിഞ്ഞതിൽ സന്തോഷമേറെയാണ്. മുങ്ങൽ വിദഗ്ധൻ വിൽഫ്രഡ് മാനുവലും തങ്ങൾക്കുണ്ടായ അനുഭവം സദസ്സിനോട് പങ്കുവച്ചു. അനുമോദന സമ്മേളനം കെ.ജെ. മാക്സി എംഎൽഎ ഉദ്ഘാടനം ചെയ്തു. ആരും ആവശ്യപ്പെടാതെ രക്ഷാപ്രവർത്തനങ്ങൾക്കായി പോയ മത്സ്യത്തൊഴിലാളികൾ നാടിന്റെ അഭിമാനമാണെന്ന് അദ്ദേഹം പറഞ്ഞു. നഗരസഭാ സ്ഥിരം സമിതി അധ്യക്ഷ ഷൈനി മാത്യു അധ്യക്ഷത വഹിച്ചു. നഗരസഭാ പ്രതിപക്ഷ നേതാവ് കെ.ജെ. ആന്റണി, കൗൺസിലർമാരായ ബെന്നി ഫെർണാണ്ടസ്, ഷീബാ ലാൽ, സീനത്ത് റഷീദ്, സിഐ പി. രാജ്കുമാർ, തുളസി, റഹ്മത്തുള്ള ഖാൻ പ്രസംഗിച്ചു.